


# ഏക ദൈവ വിശ്വാസം
# രണ്ട് സാക്ഷ്യ വാക്യങ്ങളുടെ അർത്ഥം ആരാധനയിൽ ശ്രദ്ധിക്കേണ്ട ഘടകങ്ങൾ

ഗ്രന്ഥ കർത്താവ്:

അശ്ശൈഖ് മുഹമ്മദ് സ്വാലിഹ് അൽ ഉസൈമിൻ

വിവർത്തനം
ഖാലിദ് സ്വലാഹി

പ്രസിദ്ധീകരണം:

ഫോറിനേഴ്സ് ഗൈഡൻസ് സെന്റർ
ബുറൈദ - അൽഖസീം. പി.ബി. നമ്പ്ര 292
സൗദി അറേബ്യ. ഫോൺ/ഫാക്സ് 06-3359266

ردمك : ٩ ـ ٠ ـ ٩٠٤٧ ـ ٩٩٦٠




# ഏക ദൈവ വിശ്വാസം
# രണ്ട് സാക്ഷ്യ വാക്യങ്ങളുടെ അർത്ഥം ആരാധനയിൽ ശ്രദ്ധിക്കേണ്ട ഘടകങ്ങൾ

ഗ്രന്ഥ കർത്താവ്:

അശ്ശൈഖ് മുഹമ്മദ് സ്വാലിഹ് അൽ ഉസൈമീൻ

വിവർത്തനം

ഖാലിദ് സ്വലാഹി

പ്രസിദ്ധീകരണം:

ഫോറിനേഴ്സ് ഗൈഡൻസ് സെന്റർ

ബുകൈരിയ - അൽഖസീം, പി.ബി. നമ്പ്ര 292

സൗദി അറേബ്യ. ഫോൺ/ഫാക്സ് 06-3359266

Eka Diawa Vishwasam, Randu Sashiya Vakkayngal,
Aaradhanayil Shradhikkenda ghadakangal.
( Malayalam)

Author
Al-Shaikh Muhammed Salih Al Usaimin

Translator : Khalid Salahi

Publisher
Co-operative Office for Call and Guidance, Bukairiya
Under Super vision of Ministry of Islamic affairs
P. B . No : 292. Bukhairiya. Tel. 06 3359266

സൗജന്യ വിതരണം ഉദ്ദേശിക്കുന്നവർക്ക്
പുറം ചട്ടയിലൊഴികെ മറ്റൊരു
ഭേദഗതിയും വരുത്താതെ ഈ പുസ്തകവും
ഞങ്ങളുടെ മറ്റു പ്രസിദ്ധീകരണങ്ങളും
പ്രസിദ്ധീകരിക്കാവുന്നതാണ്.

بسم الله الرحمن الرحيم

# വിഷയ സൂചിക

പേജ്

ഏക ദൈവ വിശ്വാസം

1. ഏകദൈവ വിശ്വാസം, അതിന്റെ വിഭാഗങ്ങൾ 4
2. രക്ഷാ കർത്തൃത്വത്തിലുള്ള ഏകത്വം 4
3. സൃഷ്ടിപ്പിലെ ഏകത്വം 4
4. ആധിപത്യത്തിലെ ഏകത്വം 6
5. കാര്യ നിയന്ത്രണത്തിലെ ഏകത്വം 7
6. ആരാധ്യനായിരിക്കുക എന്നതിലെ ഏകത്വം 8
7. നാമ വിശേഷണങ്ങളിലെ ഏകത്വം 9

രണ്ട് സാക്ഷ്യ വാക്യങ്ങളുടെ അർത്ഥം 15

ആരാധനാ കർമ്മങ്ങൾ, ശ്രദ്ധിക്കേണ്ട ഘടകങ്ങൾ 20

1. ഇസ്‌ലാം നിശ്ചയിച്ച കാരണവുമായി യോജിക്കൽ 20
2. ഇസ്‌ലാം നിശ്ചയിച്ച ഇനത്തിൽ യോജിക്കൽ 22
3. ഇസ്‌ലാം നിശ്ചയിച്ച തോതിനോട് യോജിക്കൽ 22
4. ഇസ്‌ലാം നിശ്ചയിച്ച രൂപത്തിലാവുക 22
5. ഇസ്‌ലാം നിശ്ചയിച്ച സമയത്തോട് യോജിക്കുക 22
6. ഇസ്‌ലാം നിശ്ചയിച്ച സ്ഥലത്ത്‌വെച്ചാവുക 23

# ഏകദൈവ വിശ്വാസം. അതിൻെറ വിഭാഗങ്ങൾ

സർവ ലോക നാഥന് സ്തുതി. ഭയ ഭക്തരുടെ നേതാവും അന്തിമ പ്രവാചകനുമായ മുഹമ്മദ് (സ.അ) യെയും അവിടുത്തെ കുടുംബത്തെയും അനുയായി വൃന്ദത്തേയും അല്ലാഹു അനുഗ്രഹിക്കട്ടെ.

പണ്ഡിതന്മാരുടെ വിവരണ പ്രകാരം തൗഹീദ് മൂന്ന് വിഭാഗമാണ്.

1-തൗഹീദുൽ റുബൂബിയ: (രക്ഷാ കർത്തൃത്വത്തിലുള്ള ഏകത്വം)

2-തൗഹീദുൽ ഉലൂഹിയ: (ആരാധ്യനായിരിക്കുക എന്നതിലെ ഏകത്വം)

3-തൗഹീദുൽ അസ്മാഇ വസ്സ്വിഫാത്തി (നാമവിശേഷണങ്ങളിലെ ഏകത്വം)

"മഹോന്നതനായ അല്ലാഹുവിന് പ്രത്യേകമായിരിക്കേണ്ട എല്ലാ കാര്യങ്ങളിലും അവനെ ഒന്നാക്കുക" എന്ന് ഇവയെ മൊത്തത്തിൽ നിർവചിക്കാം.

## ഒന്ന് : രക്ഷാ കർത്തൃത്വത്തിലുള്ള ഏകത്വം

സൃഷ്ടിപ്പും ആധിപത്യവും നിയന്ത്രണവുമെല്ലാം അല്ലാഹുവിൽ മാത്രം പരിമിതപ്പെടുത്തലാണിത്.

**സൃഷ്ടിപ്പിലെ ഏകത്വം** : അല്ലാഹു മാത്രമാണ് സ്രഷ്ടാവ്. അവനല്ലാതെ മറ്റൊരു സ്രഷ്ടാവുമില്ല.

അല്ലാഹു പറയുന്നു:
"ആകാശത്തു നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്കന്നം നൽകാൻ അല്ലാഹുവല്ലാതെ മറ്റു വല്ല സ്രഷ്ടാവുമുണ്ടോ? അവനല്ലാതെ യാതൊരു ദൈവവുമില്ല. അപ്പോൾ നിങ്ങൾ എങ്ങനെയാണ് തെറ്റിക്കപ്പെടുന്നത്" (ഫാത്വിർ : 3)

يَا أَيُّهَا النَّاسُ اذْكُرُوا نِعْمَتَ اللَّهِ عَلَيْكُمْ هَلْ مِنْ خَالِقٍ غَيْرُ اللَّهِ يَرْزُقُكُمْ مِنَ السَّمَاءِ وَالْأَرْضِ لَا إِلَٰهَ إِلَّا هُوَ فَأَنَّىٰ تُؤْفَكُونَ .

അവിശ്വാസികൾ ആരാധിക്കുന്നവയുടെ നിരർത്ഥകതയെ പരാമർശിച്ചു കൊണ്ട് അല്ലാഹു പറയുന്നു:
"അപ്പോൾ സൃഷ്ടിക്കുന്നവൻ സൃഷ്ടിക്കാത്തവരെ പോലെയാണോ? നിങ്ങളെന്താണ് ആലോചിച്ചു മനസ്സിലാക്കാത്തത്? (അന്നഹ്ൽ : 17)

أَفَمَنْ يَخْلُقُ كَمَنْ لَا يَخْلُقُ أَفَلَا تَذَكَّرُونَ

അതിനാൽ അല്ലാഹുവാണ് സ്രഷ്ടാവ്.

"ഓരോ വസ്തുവെയും അവൻ സൃഷ്ടിക്കുകയും അതിനെയവൻ ശരിയാം വണ്ണം വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു."(അൽ ഫുർഖാൻ : 2) وَخَلَقَ كُلَّ شَيْءٍ فَقَدَّرَهُ تَقْدِيرًا

അല്ലാഹുവിൻെറ സൃഷ്ടികളിൽ നിന്നുണ്ടാകുന്ന പ്രവർത്തനങ്ങളും യഥാർത്ഥത്തിൽ അവൻെറ സൃഷ്ടിപ്പിലുൾപ്പെടുന്നു. അതിനാൽ സ്രഷ്ടാവ് അല്ലാഹുവാണെന്ന വിശ്വാസം ഒരാളുടെ വിധിവിശ്വാസത്തിൻെറ പൂർത്തീകരണം കൂടിയാണ്.
അല്ലാഹു പറയുന്നു:
"അല്ലാഹുവാണ് നിങ്ങളെയും നിങ്ങൾ നിർമ്മിക്കുന്നവയെയും സൃഷ്ടിച്ചത്." (അസ്സാഫാത്ത് : 96) وَاللَّهُ خَلَقَكُمْ وَمَا تَعْمَلُونَ

എന്തുകൊണ്ടെന്നാൽ ഒരു ദാസൻെറ പ്രവർത്തനം അവൻെറ ഗുണത്തിൽ പെട്ടതാണ്. അവനാകട്ടെ അല്ലാഹുവിൻെറ സൃഷ്ടിയും. ഒരു വസ്തുവിൻെറ സ്രഷ്ടാവ് തന്നെയാണല്ലോ അതിൽ നിന്നുണ്ടാകുന്ന ഗുണത്തിൻെറയും സ്രഷ്ടാവ്. മറ്റൊരു നിലക്ക് ചിന്തിച്ചാൽ, ദാസൻെറ പ്രവർത്തനം അവനിൽ കുടികൊള്ളുന്ന കഴിവിൽ നിന്നും ഉദ്ദേശ്യത്തിൽ നിന്നുമാണ് ഉൽഭൂതമാവുന്നത്. കഴിവും ഉദ്ദേശ്യവും അല്ലാഹുവിൻെറ സൃഷ്ടിയാണ് താനും. അഥവാ, ആത്യന്തിക കാരണത്തിൻെറ സ്രഷ്ടാവ് തന്നെയാണ് അതിൽ നിന്നുണ്ടാകുന്ന കാര്യത്തിൻെറയും സ്രഷ്ടാവ്.

**ഇനി, ഒരാൾ ചോദിക്കുന്നുവെന്ന് വെക്കുക.**
അല്ലാഹു മാത്രമാണ് സ്രഷ്ടാവ് എന്ന് എങ്ങനെയാണ് നീ പറയുക? അല്ലാഹുവല്ലാത്തവരിൽ നിന്ന് സൃഷ്ടിപ്പുണ്ടാകുമെന്ന് അല്ലാഹുവിൻെറ വചനം തന്നെ സൂചിപ്പിക്കുന്നുണ്ടല്ലോ?
"അപ്പോൾ സൃഷ്ടി കർത്താക്കളിലേറ്റവും നല്ലവനായ അല്ലാഹു അനുഗ്രഹ പൂർണ്ണനായിരിക്കുന്നു" (അൽ മുഅ്മിനൂൻ : 14)

فَتَبَارَكَ اللَّهُ أَحْسَنُ الْخَالِقِينَ

അതുപോലെ രൂപം വാർത്തുണ്ടാക്കുന്നവരെ കുറിച്ച് നബി (സ.അ) പറഞ്ഞുവല്ലോ:
"നിങ്ങൾ സൃഷ്ടിച്ചവയ്ക്ക് ജീവൻ നൽകുകയെന്ന് അവരോട് പറയപ്പെടും"

മറുപടി ഇതാണ്: അല്ലാഹു അല്ലാത്തവർ അവൻ സൃഷ്ടിക്കുംപോലെ സൃഷ്ടിക്കുന്നില്ല. ഇല്ലായ്മയിൽ നിന്നൊരു വസ്തു ഉണ്ടാക്കുവാനോ ജീവനില്ലാത്തവയെ ജീവിപ്പിക്കുവാനോ അവർക്ക് സാധിക്കുകയില്ല. മറിച്ച് അവരുടെ സൃഷ്ടിപ്പ്, അല്ലാഹുവിൻെറ തന്നെ ഏതെങ്കിലുമൊരു സൃഷ്ടിയുടെ രൂപത്തിനോ ഗുണത്തിനോ ഭേദഗതി വരുത്തൽ മാത്രമാണ്.

ഉദാഹരണത്തിന് : രൂപം വാർത്തുണ്ടാക്കുന്നവൻ പുതുതായി ഒന്നും പടക്കുന്നില്ല. അതിൻെറ രൂപത്തിന് മാറ്റം വരുത്തുക മാത്രമെ ചെയ്യുന്നുള്ളു. അവൻ കളിമണ്ണിന് പക്ഷിയുടേയോ ഒട്ടകത്തിൻേറയോ രൂപം നൽകുന്നു. ശുഭ്ര പ്രതലത്തെ ചായം കൊടുത്തു വർണ്ണ ചിത്രമാക്കി മാറ്റുന്നു. എന്നാൽ അതിനുപയോഗിച്ച മഷി പോലും അല്ലാഹുവിൻെറ സൃഷ്ടിതന്നെ. ഇതാണ് അല്ലാഹുവിൻെറയും സൃഷ്ടികളുടെയും സൃഷ്ടിപ്പുകളിലെ വ്യത്യാസം. അപ്പോൾ യഥാർത്ഥ സ്രഷ്ടാവ് അല്ലാഹുതന്നെ.

## ആധിപത്യത്തിലെ ഏകത്വം

അല്ലാഹു മാത്രമാകുന്നു അധിപതി. അവൻ പറയുന്നു: "
"ആധിപത്യം ഏതൊരുവൻെറ കയ്യിലാണോ അവൻ അനുഗ്രഹ പൂർണ്ണനായിരിക്കുന്നു. അവൻ ഏത്കാര്യത്തിനും കഴിവുള്ളവനാകുന്നു." (അൽ മുൽക് : 1)

تَبَارَكَ الَّذِي بِيَدِهِ الْمُلْكُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ

"നീ ചോദിക്കുക. എല്ലാ വസ്തുക്കളുടെയും ആധിപത്യം ഒരുവൻെറ കൈവശത്തിലാണ്. അവൻ അഭയം നൽകുന്നു. അവനെതിരായി (എവിടെ നിന്നും) അഭയം ലഭിക്കുകയില്ല. അങ്ങനെയുള്ളവൻ ആരാണ്? നിങ്ങൾക്കറിയാമെങ്കിൽ (പറയൂ). (അൽ മുഅ്മിനൂൻ : 88)

قُلْ مَنْ بِيَدِهِ مَلَكُوتُ كُلِّ شَيْءٍ وَهُوَ يُجِيرُ وَلَا يُجَارُ عَلَيْهِ إِنْ كُنْتُمْ تَعْلَمُونَ

അപ്പോൾ സമ്പൂർണ്ണവും നിരുപാധികവുമായ രാജാധിപത്യമുള്ളവൻ അല്ലാഹു മാത്രമാകുന്നു.
എന്നാൽ മറ്റാർക്കെങ്കിലും എന്തെങ്കിലും കാര്യങ്ങളിൽ അധികാരമുണ്ടെന്ന്

പറയുന്നത് കേവലം ആപേക്ഷികമാണ്. അല്ലാഹു തന്നെ അങ്ങനെ പറയുന്നുണ്ട്.

**"താക്കോലുകൾ നിങ്ങളുടെ അധികാരത്തിലിരിക്കുന്ന വീടുകളിൽ നിന്നോ (നിങ്ങൾക്ക് ഭക്ഷണം കഴിക്കുന്നതിൽ കുറ്റമില്ല)" (അന്നൂർ : 61)**

أَوْ مَا مَلَكْتُم مَّفَاتِحَهُ

അനുവദനീയമായ ലൈംഗിക ബന്ധത്തെകുറിച്ച് അല്ലാഹു പറയുന്നു:
**"തങ്ങളുടെ ഭാര്യമാരുമായോ തങ്ങളുടെ അധീനതയിലുള്ള അടിമ സ്ത്രീകളുമായോ ഉള്ള ബന്ധമൊഴികെ(പാടില്ല)"(അൽ മുഅ്മിനൂൻ : 6)**

إِلَّا عَلَىٰ أَزْوَاجِهِمْ أَوْ مَا مَلَكَتْ أَيْمَانُهُمْ فَإِنَّهُمْ غَيْرُ مَلُومِينَ

അതുപോലെ അല്ലാഹു അല്ലാത്തവരിലേക്ക് അധികാരങ്ങൾ ചേർത്തിക്കൊണ്ടുള്ള ചില സൂക്തങ്ങൾ ഖുർആനിൽ കാണാം. എന്നാൽ ഈ അധികാരം അല്ലാഹുവിന്റെ ആധിപത്യം പോലെയുള്ളതിലല്ല. മറിച്ച്, സോപാധികവും പരിമിതവുമായ അധികാരങ്ങളിൽ മാത്രമാണ്. സൈദിന്റെ വീട്ടിലെ അധികാരം അംറിനോ മറിച്ചോ ഇല്ലാത്തപോലെ. പരിമിതമായ അധികാരം. ഈ ലഭ്യമായ അധികാരമാകട്ടെ അല്ലാഹുവിന്റെ നിർദ്ദേശാനുസൃതമായല്ലാതെ മനുഷ്യനു കൈകാര്യം ചെയ്യാനും പാടില്ല. അപ്പോളത് സോപാധികമായല്ലോ. അതുകൊണ്ടാണ് ധന ദുർവിനിയോഗം നബി (സ.അ) വിരോധിച്ചത്.

അല്ലാഹു പറയുന്നു :
**"അല്ലാഹു നിങ്ങളുടെ നിലനിൽപിനായി നിശ്ചയിച്ചു തന്നിട്ടുള്ള നിങ്ങളുടെ സ്വത്തുക്കൾ വിവേകമില്ലാത്തവർക്ക് നിങ്ങൾ കൈവിട്ടു കൊടുക്കരുത്." (അന്നിസാഅ് : 5)**

وَلَا تُؤْتُوا السُّفَهَاءَ أَمْوَالَكُمُ الَّتِي جَعَلَ اللَّهُ لَكُمْ قِيَامًا

ഇത് മനുഷ്യന് ലഭ്യമായ അധികാരമാണെങ്കിലും സോപാധികവും പരിമിതവുമാണെന്ന് തെളിയിക്കുന്നു. അല്ലാഹുവിന്റെ അധികാരം സമ്പൂർണ്ണവും പരിധികൾക്കും പരിമിതികൾക്കും അതീതവുമാണ്. അവനുദ്ദേശിക്കുന്നത് അവൻ ചെയ്യുന്നു.
**"അവൻ പ്രവർത്തിക്കുന്നതിനെപ്പറ്റി ചോദ്യം ചെയ്യപ്പെടുകയില്ല. അവരാകട്ടെ ചോദ്യം ചെയ്യപ്പെടുന്നതുമാണ്." (അൽ അമ്പിയാഅ് : 23)**

لَا يُسْأَلُ عَمَّا يَفْعَلُ وَهُمْ يُسْأَلُونَ

## കാര്യ നിയന്ത്രണത്തിലെ ഏകത്വം

എല്ലാ കാര്യങ്ങളുടെയും നിയന്ത്രണാധികാരം അല്ലാഹുവിന് മാത്രമാണ്. ആകാശ ഭൂമികളുടെ കാര്യങ്ങളടക്കം അഖില സൃഷ്ടി ജാലങ്ങളെയും അവൻ നിയന്ത്രിക്കുന്നു.

അല്ലാഹു പറയുന്നു:
"അറിയുക. സൃഷ്ടിപ്പും ശാസനാധികാരവും അവനു തന്നെയാണ്. ലോക രക്ഷിതാവായ അല്ലാഹു മഹത്വ പൂർണ്ണനാകുന്നു" (അൽ അഅ്റാഫ്:54)

أَلاَ لَهُ الْخَلْقُ وَالأَمْرُ تَبَارَكَ اللهُ رَبُّ الْعَالَمِينَ

ഈ നിയന്ത്രണം സമ്പൂർണ്ണ നിയന്ത്രണമത്രെ. ഇതിൽ എന്തെങ്കിലും ഒരു തടസ്സം അവൻ നേരിടേണ്ടി വരുന്നില്ല. എന്നാൽ സൃഷ്ടി ജാലങ്ങൾക്കുള്ള നിയന്ത്രണാധികാരം പരിമിതിവും സോപാധികവുമായ കാര്യങ്ങളിൽ ഒതുങ്ങി നിൽക്കുന്നു. സമ്പത്ത്, സന്താനം, തൊഴിലാളികൾ, തുടങ്ങിയവയിൽ മനുഷ്യൻ നടത്തുന്ന നിയന്ത്രണം ഉദാഹരണം.

ഇതിൽ നിന്നും സൃഷ്ടി കർത്തൃത്വത്തിലെ ഏകത്വമെന്നത് സൃഷ്ടിപ്പിലും അധികാരത്തിലും നിയന്ത്രണത്തിലുമുള്ള അല്ലാഹുവിന്റെ ഏകത്വമാണെന്ന് വ്യക്തമായല്ലോ.

## രണ്ട് : ആരാധ്യനായിരിക്കുക എന്നതിലെ ഏകത്വം

ആരാധന അല്ലാഹുവിനു മാത്രമാക്കുകയെന്നതാണിത്.
അഥവാ, മനുഷ്യൻ അല്ലാഹുവിനോടൊപ്പം അവന്റെ സാമീപ്യം നേടാനും പ്രണമിക്കാനും മറ്റാരെയും സ്വീകരിക്കാതിരിക്കുക.

ഇക്കാര്യത്തിലാണ് ബഹുദൈവ വിശ്വാസികൾ വഴിതെറ്റിയത്. അവരോട് പ്രവാചകന് യുദ്ധം ചെയ്യേണ്ടി വന്നു. അവരുടെ സന്താന സൗഭാഗ്യങ്ങളും നാടും വീടും പിടിച്ചെടുക്കേണ്ടി വന്നു. പ്രവാചകൻമാർ നിയോഗിതരായതും വേദ ഗ്രന്ഥങ്ങൾ അവതീർണ്ണമായതും ആരാധനയിലെന്ന പോലെ രക്ഷാകർത്തൃത്വ, നാമ, വിശേഷങ്ങളിലെ ഏകത്വത്തിന്റെ സംസ്ഥാപനത്തിനായിരുന്നു.

എന്നാൽ പ്രവാചകൻമാർക്കൊക്കെ തങ്ങളുടെ പ്രബോധിതരിൽ പാടുപെടേണ്ടി വന്നത്, ആരാധനയിലുള്ള ഏകത്വത്തിന്റെ കാര്യത്തിലായിരുന്നു. മനുഷ്യന്റെ ആരാധന എന്തെങ്കിലും പുണ്യവാളനോ പ്രവാചകനോ മാലാഖക്കോ സൃഷ്ടിജാലങ്ങളിലാർക്കെങ്കിലുമോ സമർപ്പിക്കാതെ

അല്ലാഹുവിനു മാത്രം അർപ്പിക്കണമെന്ന് പറഞ്ഞതിനായിരുന്നു. കാരണം ആരാധന അല്ലാഹു മാത്രമെ അർഹിക്കുന്നുള്ളൂ എന്നതാണ് സത്യം.

ഒരാൾ അല്ലാഹുവിൻെറ മറ്റുനിലക്കുള്ള ഏകത്വമംഗീകരിക്കുകയും ആരാധ്യതയിലെ ഏകത്വത്തെ നിരാകരിക്കുകയുമാണെങ്കിൽ അവൻ സത്യ നിഷേധിയും ബഹുദൈവാരാധകനുമാകുന്നു. അപ്പോൾ അല്ലാഹു മാത്രമാണ് സ്രഷ്ടാവും അധിപതിയും നിയന്താവും എന്ന് വിശ്വസിക്കുന്ന ഒരാൾ അല്ലാഹുവോടൊപ്പം മറ്റെന്തെങ്കിലുമൊന്നിനെ ആരാധിക്കുന്നുവെങ്കിൽ അവൻെറ വിശ്വാസം അവനുപകരിക്കുകയില്ല.

നോക്കുക! അല്ലാഹുവിൻെറ ഗുണങ്ങളിലും നാമങ്ങളിലും രക്ഷാകർത്തൃത്വത്തിലുമുള്ള ഏകത്വം പൂർണ്ണമായും അംഗീകരിക്കുന്ന ഒരാൾ, ഏതെങ്കിലും ഖബറാളിയെ പൂജിക്കുകയോ അവർക്ക് ബലിയറുക്കാൻ നേർച്ചയാക്കുകയോ ചെയ്തെന്നു കരുതുക. തീർച്ച. അയാൾ നരകത്തിൽ ശാശ്വതമായി കിടക്കുന്ന കാഫിറും മുശ്‌രിക്കുമാണ്.
അല്ലാഹു പറയുന്നു:
"അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗ്ഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവൻെറ വാസ സ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരുമില്ല." (അൽ മാഇദഃ : 72)

إِنَّهُ مَن يُشْرِكْ بِاللَّهِ فَقَدْ حَرَّمَ اللَّهُ عَلَيْهِ الْجَنَّةَ وَمَأْوَاهُ النَّارُ وَمَا لِلظَّالِمِينَ مِنْ أَنصَارٍ

നബി (സ.അ)യുടെ ശത്രുക്കളായിരുന്ന ബഹുദൈവാരാധകർ അല്ലാഹു മാത്രമാണ് സ്രഷ്ടാവും രക്ഷകനും പരിപാലകനുമെന്ന് സംശയാതീതമായി അംഗീകരിച്ചിരുന്നു. ഇത് വിശുദ്ധഖുർആൻ വായിക്കുന്നവർക്കറിയാം. എന്നാൽ അവർ അല്ലാഹുവോടൊപ്പം മറ്റുള്ളവരെ ആരാധിച്ചപ്പോൾ രക്തവും ധനവും പവിത്രമല്ലാത്ത വിധം ബഹുദൈവ വിശ്വാസികളായി മാറി.

## മൂന്ന് : നാമ വിശേഷണങ്ങളിലെ ഏകത്വം

വിശുദ്ധ ഖുർആനും നബി (സ.അ) യും അല്ലാഹുവെ എങ്ങനെ വിളിച്ചുവോ, എന്തു വിശേഷിപ്പിച്ചുവോ അങ്ങനെത്തന്നെ അംഗീകരിക്കലാണ് നാമ, വിശേഷണങ്ങളിലെ ഏകത്വമെന്നതുകൊണ്ടുള്ള വിവക്ഷ. അല്ലാഹു തന്നിൽ സ്ഥിരീകരിച്ചവ തദനുസാരം നാമും സ്ഥിരീകരിക്കുക. അതിൽ വ്യാഖ്യാനങ്ങളോ നിരാകരണമോ രൂപ സങ്കൽപമോ സദൃശ്യപ്പെടുത്തലോ പാടില്ല.

തൗഹീദിൻെറ ഈ വിഷയത്തിൽ പലർക്കും പലവിധ വീഴ്ചകൾ പറ്റിയിട്ടുണ്ട്. ചിലർ, അല്ലാഹുവിൽ ആരോപിക്കൽ നിഷിദ്ധമായ

'നിഷേധ ഗുണ'ങ്ങളി (നഫിയി) ലും അവന്റെ വിശുദ്ധാസ്തിത്വത്തിൽ അനിവാര്യമായ 'വിശുദ്ധ ഗുണ'ങ്ങളി (തൻസീഹി) ലൂമുള്ള വിശദീകരണങ്ങളിൽ ഇസ്‌ലാമിൽ നിന്ന് പുറത്തു പോകത്തക്ക വിധം അതിരു വിട്ടു പോയി. മറ്റു ചിലർ യാഥാർത്ഥ്യത്തിന്റെ സമീപത്തെത്തി. വേറെ ചിലർ രണ്ടിനും നടുവിൽ നില കൊണ്ടു.

എന്നാൽ സച്ചരിതരായ പൂർവികരുടെ നിലപാട് ഇവ്വിഷയകമായി ഇപ്രകാരമാണ്. "വ്യാഖ്യാനമോ നിരാകരണമോ രൂപസങ്കൽപമോ സദൃശ്യപ്പെടുത്തലോ ഇല്ലാതെ അല്ലാഹു തന്നെകുറിച്ച് പറഞ്ഞതും വിശേഷിപ്പിച്ചതും യഥാർത്ഥത്തിലുള്ളതായി തന്നെ മനസ്സിലാക്കുക".

ഉദാഹരണമായി, അല്ലാഹു തന്നെപ്പറ്റി الحيّ القيّوم 'അൽഹയ്യുൽ ഖയ്യും' (നിത്യജീവനുള്ള നിയന്താവ്) എന്ന് വിളിച്ചിരിക്കുന്നു. അതിനാൽ അത് അല്ലാഹുവിന്റെ നാമങ്ങളിൽ പെട്ടതാണെന്നും അതിന്റെ അന്തഃസ്സാരമായ ആദ്യവും അവസാനവുമില്ലാത്ത ജീവിക്കുക എന്ന ഗുണമാണതെന്നും വിശ്വസിക്കൽ നമുക്ക് നിർബന്ധമായി.

അതുപോലെ, അല്ലാഹു തനിക്ക് 'അസ്സമീഉൽ അലീം' السميع العليم (എല്ലാം കേൾക്കുന്ന ജ്ഞാനി) എന്ന് നാമകരണം ചെയ്തിരിക്കുന്നു. അതിലെ 'സമീഅ്' (കേൾക്കുന്നവൻ) അവന്റെ നാമമായും 'സംഅ്' (കേൾവി) എന്നത് അവന്റെ വിശേഷ ഗുണമായും വിശ്വസിക്കണം. അതുപോലെ എല്ലാം കേൾക്കുന്നുവെന്നും. കാരണം പ്രസ്തുത നാമത്തിന്റെയും വിശേഷണത്തിന്റെയും അനിവാര്യതയാണത്. 'കേൾവി' എന്ന ഗുണമില്ലാത്ത കേൾക്കുന്നവനുണ്ടാവുകയില്ലല്ലോ. ഇങ്ങനെത്തന്നെ 'അലീം' എന്നതിനെയും മനസ്സിലാക്കുക.

മറ്റൊരുദാഹരണം : അല്ലാഹു പറയുന്നു:

**'അല്ലാഹുവിന്റെ കൈകൾ ബന്ധിക്കപ്പെട്ടിരിക്കുകയാണെന്ന് യഹൂദന്മാർ പറഞ്ഞു. അവരുടെ കൈകൾ ബന്ധിതമാകട്ടെ! അവർ ആ പറഞ്ഞ വാക്ക് കാരണം അവർ ശപിക്കപ്പെട്ടിരിക്കുന്നു. അല്ല. അവന്റെ ഇരു കൈകളും നിവർത്തപ്പെട്ടവയത്രെ. അവൻ എങ്ങനെ ഉദ്ദേശിക്കുന്നുവോ അങ്ങനെ ചെലവഴിക്കുന്നു." (അൽ മാഇദ : 64)**

وَقَالَتِ الْيَهُودُ يَدُ اللَّهِ مَغْلُولَةٌ غُلَّتْ أَيْدِيهِمْ وَلُعِنُوا بِمَا قَالُوا بَلْ يَدَاهُ مَبْسُوطَتَانِ يُنْفِقُ كَيْفَ يَشَاءُ

ഇവിടെ "അല്ല, അവന്റെ ഇരു കൈകളും നിവർത്തപ്പെട്ടവയാകുന്നു" എന്ന വാക്യത്തിൽ നിന്ന് നിവർത്തപ്പെട്ടവ എന്നവിശേഷണത്തോടുകൂടിയ രണ്ട് കൈകൾ അവനുണ്ടെന്ന് അവൻ തന്നെ സ്വയം സ്ഥിരീകരിക്കുന്നു. 'നിവർത്തപ്പെട്ടത്' എന്നത് അവന്റെ വിശാലമായ ഔദാര്യത്തെ കുറിക്കുന്നു. അപ്പോൾ ധാരാളമായി

അനുഗ്രഹങ്ങൾ ചൊരിയുന്ന നിവർത്തപ്പെട്ട രണ്ട് കൈകൾ അല്ലാഹുവിനുണ്ടെന്ന് വിശ്വസിക്കൽ നമുക്ക് നിർബന്ധമായി. ഈ രണ്ട് കൈകൾ എങ്ങനെയുള്ളതാണെന്ന് മനോധർപ്പണത്തിൽ കൊണ്ടു വരാനോ നമ്മുടെ ജിഹ്വകൊണ്ട് വിശേഷിപ്പിക്കാനോ സൃഷ്ടികളുടെ കരങ്ങളുമായി താരതമ്യപ്പെടുത്തുവാനോ ഒരിക്കലും പാടില്ല. കാരണം

അല്ലാഹു പറയുന്നു:
**"അവനെ പോലെ യാതൊരു വസ്തുപോലുമില്ല. അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാകുന്നു." (അൽ ശൂറ: 11)**

لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ

"പറയുക. എന്റെ രക്ഷിതാവ് നിഷിദ്ധമാക്കിയിട്ടുള്ളത് ഒളിഞ്ഞും തെളിഞ്ഞുമുള്ള നീചവൃത്തികളും, അധർമ്മവും, അന്യായമായ കയ്യേറ്റവും, യാതൊരു പ്രമാണവും അല്ലാഹു ഇറക്കിത്തന്നിട്ടില്ലാത്തതിനെ അവനിൽ നിങ്ങൾ പങ്കുചേർക്കുന്നതും, അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്ക് വിവരമില്ലാത്തത് നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതും മാത്രമാണ്." (അൽ അഅ്റാഫ : 33)

قُلْ إِنَّمَا حَرَّمَ رَبِّيَ الْفَوَاحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ وَالإِثْمَ وَالْبَغْيَ بِغَيْرِ الْحَقِّ وَأَنْ تُشْرِ
كُوا بِاللَّهِ مَا لَمْ يُنَزِّلْ بِهِ سُلْطَانًا وَأَنْ تَقُولُوا عَلَى اللَّهِ مَا لاَ تَعْلَمُونَ

"നിനക്കറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്." (അൽ ഇസ്രാഅ് : 36)

وَلاَ تَقْفُ مَا لَيْسَ لَكَ بِهِ عِلْمٌ إِنَّ السَّمْعَ وَالْبَصَرَ وَالْفُؤَادَ كُلُّ أُولَئِكَ كَانَ عَنْهُ مَسْئُولاً

എന്നാൽ അല്ലാഹു തനിക്കുണ്ടെന്നു പറഞ്ഞ രണ്ട് കരങ്ങളെ സൃഷ്ടികളുടെ കരങ്ങളോട് സദൃശ്യപ്പെടുത്തുന്നവൻ 'അവനെപ്പോലെ യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാണെ ന്ന വചനത്തെ കളവാക്കുകയാണ്.

"അതിനാൽ അല്ലാഹുവിന് നിങ്ങൾ ഉപമകൾ പറയരുത്" (അൽ നഹ്ൽ : 74) എന്ന കൽപനയെ ധിക്കരിക്കുകയുമാണ്.

فَلاَ تَضْرِبُوا لِلَّهِ الأَمْثَالَ

ഇനി, ഒരു പ്രത്യേക രൂപത്തിലാണ് അവന്റെ രണ്ട് കരങ്ങളുമെന്ന് നിരൂപിക്കുന്നവനാകട്ടെ, തനിക്കറിയാത്തകാര്യം അല്ലാഹുവിൽ

ചുമത്തുകയും അറിവില്ലായ്മയെ പിൻതുടരുകയുമാണ് ചെയ്യുന്നത്.

മറ്റൊരുദാഹരണം : "അല്ലാഹു സിംഹാസനാരോഹണം ചെയ്തിരിക്കുന്നുവെന്ന് വിശുദ്ധഖുർആനിൽ ഏഴ് സ്ഥലങ്ങളിൽ അല്ലാഹു അവനെകുറിച്ച് സ്ഥിരീകരിച്ചിരിക്കുന്നു. എല്ലായിടത്തും 'ഇസ്തവാ' إستوى (ആസനസ്ഥനായി, ആരോഹണം ചെയ്തു) എന്നു തന്നെയാണ് പ്രയോഗിച്ചത്. അറബി ഭാഷാനിയമ പ്രകാരം 'ഇസ്തവാ' എന്ന ക്രിയയോട് 'അലാ' على എന്ന അവ്യയം ചേർന്നു വരുമ്പോൾ ആരോഹണം ചെയ്തു, ആസനസ്ഥനായി എന്നാണർത്ഥം.

അപ്പോൾ "അർറഹ്മാനു അലൽ അർഷിസ്തവാ" الرَّحْمَـٰنُ عَلَى الْعَرْشِ اسْتَوَىٰ എന്നതിന്റെയും അതുപോലുള്ള ആയത്തുകളുടെയും അർത്ഥം 'പരമ കാരുണികൻ അവന്റെ സിംഹാസനത്തിൽ ആരോഹണം ചെയ്തു' വെന്നുതന്നെയാണ്. ഇവിടെ ആരോഹണമെന്നത് ആലങ്കാരികമല്ല. മറിച്ച് അവന് അനുയോജ്യമാംവിധം യഥാർത്ഥത്തിൽ തന്നെ അവൻ സിംഹാസനസ്ഥനായി എന്നാണ്. ഇത് മനുഷ്യൻ കട്ടിലിൽ കയറിയിരിക്കുന്നത് പോലെയല്ല. അതുപോലെ താഴെ സൂക്തത്തിൽ പരാമർശിച്ച മൃഗങ്ങളുടെ പുറത്ത് കയറിയിരിക്കുന്നതിനോടോ കപ്പലിൽ കയറുന്നതിനോടോ ഇത് സദൃശ്യപ്പെടുത്താനും പറ്റുകയില്ല.

'നിങ്ങൾക്കവൻ (അല്ലാഹു) സവാരി ചെയ്യാനുള്ള കപ്പലുകളെയും കാലികളെയും ഏർപ്പെടുത്തിത്തന്നു. അവയുടെ പുറത്ത് നിങ്ങൾ കയറിയിരിക്കാൻ. പിന്നീട് നിങ്ങളവിടെ ഇരിപ്പുറപ്പിച്ചു കഴിയുമ്പോൾ നിങ്ങളുടെ രക്ഷിതാവിന്റെ അനുഗ്രഹം നിങ്ങളോർമിക്കുവാനും, നിങ്ങളിപ്രകാരം പറയുവാനും വേണ്ടി : ഞങ്ങൾക്ക് ഇതിനെ വിധേയമാക്കിത്തന്നവൻ എത്ര പരിശുദ്ധൻ! ഞങ്ങൾക്കവയെ ഇണക്കുവാൻ കഴിയുമായിരുന്നില്ല. തീർച്ചയായും ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിങ്കലേക്ക് തിരിച്ചെത്തുന്നവർ തന്നെയാകുന്നു." (അൽ സുഖ്റുഫ് : 12-14)

وَالَّذِي خَلَقَ الْأَزْوَاجَ كُلَّهَا وَجَعَلَ لَكُم مِّنَ الْفُلْكِ وَالْأَنْعَامِ مَا تَرْكَبُونَ . لِتَسْتَوُوا عَلَىٰ ظُهُورِهِ ثُمَّ تَذْكُرُوا نِعْمَةَ رَبِّكُمْ إِذَا اسْتَوَيْتُمْ عَلَيْهِ وَتَقُولُوا سُبْحَانَ الَّذِي سَخَّرَ لَنَا هَٰذَا وَمَا كُنَّا لَهُ مُقْرِنِينَ . وَإِنَّا إِلَىٰ رَبِّنَا لَمُنقَلِبُونَ .

ഇനി 'ഇസ്തവാ അലൽ അർഷ്' എന്നതിന്റെ അർത്ഥം 'ഇസ്തൗലാ അലൽ അർഷ്' إستولى على العرش (സിംഹാസനത്തിന്റെ അധികാരമേറ്റു) എന്നാണെങ്കിലും അർത്ഥം പറയുന്നുവെങ്കിൽ തീർച്ചയായും അത് തെറ്റാണ്. കാരണം അത് വചനത്തെ യഥാസ്ഥാനത്ത്നിന്ന് അടർത്തിയെടുക്കലും സ്വഹാബത്തിന്റെയും പിൻഗാമികളുടെയും

ഐക്യകണ്ഠേനയുള്ള അഭിപ്രായത്തിന് എതിരുമാണ്. അത് വഴി അല്ലാഹുവെ കുറിച്ച് ഒരു യഥാർത്ഥ വിശ്വാസിക്ക് പറയാൻ പാടില്ലാത്ത പല വ്യർത്ഥ വാദങ്ങളും അംഗീകരിക്കേണ്ടി വരികയും ചെയ്യും.

ഖുർആൻ അവതരിപ്പിച്ചത് അറബി ഭാഷയിലാണെന്ന കാര്യം സംശയാതീതമാണ്. അല്ലാഹു പറയുന്നു:
**"നിങ്ങൾ ഗ്രഹിക്കുന്നതിനു വേണ്ടി അത് അറബി ഭാഷയിൽ വായിക്കപ്പെടുന്ന ഒരു പ്രമാണമായി നാം അവതരിപ്പിച്ചിരിക്കുന്നു." (യൂസുഫ് :2)**

إِنَّا أَنزَلْنَاهُ قُرْآنًا عَرَبِيًّا لَعَلَّكُمْ تَعْقِلُونَ

**"വിശ്വസ്താത്മാവ് (ജിബ്രീൽ) നിന്റെ ഹൃദയത്തിൽ അതുംകൊണ്ട് ഇറങ്ങിയിരിക്കുന്നു. നീ താക്കീത് നൽകുന്നവരുടെ കൂട്ടത്തിലായിരിക്കുവാൻ വേണ്ടിയത്രെ അത്. സ്പഷ്ടമായ അറബി ഭാഷയിലാണത് (അവതരിപ്പിച്ചത്)." (അൽ ശുഅറാഅ് : 193)**

نَزَلَ بِهِ الرُّوحُ الأَمِينُ عَلَى قَلْبِكَ لِتَكُونَ مِنَ الْمُنذِرِينَ بِلِسَانٍ عَرَبِيٍّ مُّبِينٍ

അറബി ഭാഷയിൽ 'ഇസ്തവാ അലാ' എന്ന വാക്യ ഘടന കൊണ്ടുദ്ദേശിക്കുന്നത് ആരോഹണം ചെയ്തു, സ്ഥിരീകൃതനായി എന്നാണ്. അപ്പോൾ 'ഇസ്തവാ അലൽ അർഷ്' എന്നാൽ അല്ലാഹുവിന്റെ പ്രതാപത്തിനും ഗാംഭീര്യത്തിനും യോജിക്കുന്ന വിധം സിംഹാസനത്തിൽ ആരോഹണം ചെയ്തു, ആസനസ്ഥനായി എന്നു തന്നെയാണ്. ഇവിടെ 'ഇസ്തവാ അലാ' എന്ന ക്രിയയെ ഇസ്തൗല (അധികാരമേറ്റു) എന്ന അർത്ഥത്തിൽ വ്യാഖ്യാനിച്ചാൽ അത് വചനത്തെ ഭാഷാർത്ഥത്തിൽ നിന്ന് തെറ്റിക്കലാണ്. കൂടാതെ പൂർവ്വികരും അവരെ തുടർന്നുവന്ന സച്ചരിതരായ പണ്ഡിതരുമെല്ലാം ഐക്യകണ്ഠേന 'ആരോഹണം ചെയ്തു' എന്ന ഭാഷാർത്ഥം തന്നെയാണ് അംഗീകരിച്ചത്. കാരണം അതിനു വിരുദ്ധമായി ഒരക്ഷരംപോലും അവരിൽ നിന്ന് ഉദ്ധരിക്കപ്പെടുന്നില്ല.

ഖുർആനിലോ സുന്നത്തിലോ വന്നിട്ടുള്ള ഒരു പദം പ്രത്യക്ഷാർത്ഥത്തിന് എതിരായ ഒരു വ്യാഖ്യാനം പൂർവ്വികരിൽ നിന്ന് ഉദ്ധരിക്കപ്പെടുന്നില്ലെങ്കിൽ അവർ അതിനെ പ്രത്യക്ഷാർത്ഥത്തിൽ തന്നെയാണ് മനസ്സിലാക്കിയതും വിശ്വസിച്ചതും എന്ന് വ്യക്തം. അത്കൊണ്ടാണ് പൂർവ്വികർ 'ഇസ്തവാ' എന്ന പദത്തിന് "അലാ" (ആരോഹണം ചെയ്തു) എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ടോ എന്ന് ചോദിക്കുമ്പോൾ, അതെ, അങ്ങനെത്തന്നെയാണ് അവർ വ്യാഖ്യാനിച്ചിട്ടുള്ളതെന്ന് നാം പറയുന്നത്.

ഇനി പൂർവ്വികരിൽ നിന്നും ഖണ്ഡിതമായി അങ്ങനെ വന്നിട്ടില്ലെന്ന്

സങ്കൽപിക്കുകയാണെങ്കിൽ ഖുർആനിലും സുന്നത്തിലും വന്ന ഒരു പദത്തിനു അറബി ഭാഷയിൽ എന്തുദ്ദേശിക്കപ്പെടുന്നുവോ അത് തന്നെയാണ് അർത്ഥം നൽകേണ്ടത് എന്നാണ് നിയമം.

ഇസ്തിവാഅ് എന്ന പദത്തിന് അധികാരമേറ്റു എന്നു വ്യാഖ്യാനിക്കുമ്പോഴുണ്ടാകുന്ന വൈരുദ്ധ്യം താഴെ കൊടുത്ത സൂക്തത്തെ പറ്റി ചിന്തിക്കുമ്പോൾ മനസ്സിലാകാം.

അല്ലാഹു പറയുന്നു:
"തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ആകാശങ്ങളെയും ഭൂമിയെയും ആറ് ദിവസങ്ങളിലായി സൃഷ്ടിച്ചവനും പിന്നീട് 'അർഷിൽ' ആരോഹണം ചെയ്തവനുമായ അല്ലാഹുവാകുന്നു." (യൂനുസ് : 3)

إِنَّ رَبَّكُمُ اللهُ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ فِي سِتَّةِ أَيَّامٍ ثُمَّ اسْتَوَى عَلَى الْعَرْشِ

ഇവിടെ 'ഇസ്തവാ' ആരോഹണം ചെയ്തുവെന്നതിന് പകരം അധികാരമേറ്റു എന്ന് വ്യാഖ്യാനിച്ചാൽ ആകാശ ഭൂമികളുടെ സൃഷ്ടിപ്പിന്മുമ്പ് 'അർഷ്' (സിംഹാസനം) അല്ലാഹുവിൻെറ അധികാരത്തിലായിരുന്നില്ല എന്ന് വരും. അതുപോലെ 'പിന്നീട് അധികാരമേറ്റെടുത്തു' എന്ന് വ്യാഖ്യാനിക്കുമ്പോൾ അവയുടെ സൃഷ്ടിപ്പിൻെറ സന്ദർഭത്തിലും സിംഹാസനം അല്ലാഹുവിൻെറ അധികാരത്തിലായിരുന്നില്ല എന്നാകും. മാത്രമല്ല, മേൽ അർത്ഥ പ്രകാരം ഇസ്തവാ എന്നതിനെ ഭൂമിയിലേക്കും മറ്റു ഏത് സൃഷ്ടിജാലങ്ങളിലേക്കും ചേർത്തു പറയാമെന്ന് സമ്മതിക്കേണ്ടിയും വരും. അത് അല്ലാഹുവിൻെറ ഔന്നിത്യത്തിന് യോജിക്കാത്ത തികച്ചും നിരർത്ഥകമായ ആശയമാണ്.

ചുരുക്കത്തിൽ രണ്ട്തരം അപാകതകൾ ഈ വ്യാഖ്യാനം മുഖേന വന്നു ചേരുന്നു.

**ഒന്ന്:** വചനത്തെ യഥാസ്ഥാനത്തു നിന്ന് തെറ്റിക്കൽ.

**രണ്ട്:** അല്ലാഹുവിനനുയോജ്യമല്ലാത്ത കാര്യങ്ങൾ കൊണ്ടവനെ വിശേഷിപ്പിക്കൽ.

# രണ്ട് സാക്ഷ്യ വാക്യങ്ങളുടെ അർത്ഥം

"അല്ലാഹുവല്ലാതെ ആരാധ്യനില്ല, മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാകുന്നു" لا إله إلا الله محمد رسول الله എന്ന സാക്ഷ്യവചനം ഇസ്ലാമിന്റെ താക്കോലാണ്. ഇതില്ലാതെ ഇസ്ലാമിൽ പ്രവേശിക്കാൻ കഴിയില്ല. അതുകൊണ്ടാണ് മുആദ്ബ്നു ജബൽ (റ) നെ യമനിലേക്ക് പ്രബോധനത്തിനായി നിയോഗിച്ചപ്പോൾ നബി (സ.അ) അദ്ദേഹത്തോട് ഇങ്ങനെ കൽപിച്ചത്:
ആദ്യമായി അവരെ നീ ക്ഷണിക്കേണ്ടത് അല്ലാഹുവല്ലാതെ ആരാധ്യനില്ല, മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണ് എന്ന സാക്ഷ്യത്തിലേക്കായിരിക്കണം.

'ലാഇലാഹ ഇല്ലല്ലാഹ്' എന്ന സാക്ഷ്യം കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്ന് ഹൃദയം കൊണ്ടും നാവുകൊണ്ടും അംഗീകരിക്കുകയെന്നാണ്. കാരണം ഇലാഹ് എന്നാൽ ആരാധ്യൻ എന്നർത്ഥം. അപ്പോൾ 'ലാഇലാഹ ഇല്ലാല്ലാഹ്' എന്നാൽ അല്ലാഹു അല്ലാതെ ആരാധ്യനില്ല എന്നും അർത്ഥമായി.

ഈ വാക്യം ഒരു നിഷേധവും ഒരു സ്ഥിരീകരണവും ഉൾക്കൊള്ളുന്നു.
'ഒരാരാധ്യനുമില്ല' എന്ന നിഷേധം.
'അല്ലാഹു അല്ലാതെ' എന്നതിലെ സ്ഥിരീകരണവും.

അല്ലാഹുവല്ലാതെ യഥാർത്ഥ ആരാധ്യനില്ലെന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും നാവു കൊണ്ട് പ്രഖ്യാപിക്കുകയും ചെയ്യണം. ഇവിടെ ആരാധന അല്ലാഹുവിനു മാത്രമാക്കുക, അല്ലാഹുവല്ലാത്തവർക്കുള്ള എല്ലാ ആരാധനകളെയും നിരാകരിക്കുക, എന്നീ രണ്ട് കാര്യങ്ങളും ഉൾക്കൊള്ളുന്നു.

ആരാധ്യൻ എന്നതുകൊണ്ടുദ്ദേശിക്കുന്നത് യഥാർത്ഥ ആരാധ്യൻ എന്നാണ്. ഇത് ചിലരുടെ സംശയത്തിനുള്ള മറുപടി കൂടിയാണ്.

എങ്ങനെയാണ് അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്ന് പറയുക? അല്ലാഹുവല്ലാതെ ആരാധിക്കപ്പെടുന്ന ധാരാളം ദൈവങ്ങളുണ്ടല്ലോ.

അവയുടെ ആരാധകരും അല്ലാഹു തന്നെയും അവയെ آلهة (ദൈവങ്ങൾ) എന്ന് വിളിക്കുന്നുമുണ്ട്.

അല്ലാഹു പറയുന്നു:
"എന്നാൽ നിന്റെ രക്ഷിതാവിന്റെ കൽപന വന്ന സമയത്ത് അല്ലാഹുവിന് പുറമെ അവർ വിളിച്ചു പ്രാർത്ഥിച്ചു കൊണ്ടിരുന്ന അവരുടെ ദൈവങ്ങൾ അവർക്ക് യാതൊരുപകാരവും ചെയ്തില്ല." (ഹൂദ് : 101)

فَمَا أَغْنَتْ عَنْهُمْ آلِهَتُهُمُ الَّتِي يَدْعُونَ مِن دُونِ اللَّهِ مِن شَيْءٍ لَّمَّا جَاءَ أَمْرُ رَبِّكَ

"അല്ലാഹുവോടൊപ്പം മറ്റൊരു ദൈവത്തെയും നീ സ്ഥാപിക്കരുത്" (അൽ ഇസ്രാഅ് : 39)

وَلَا تَجْعَلْ مَعَ اللَّهِ إِلَٰهًا آخَرَ

"അല്ലാഹുവോടൊപ്പം മറ്റൊരു ദൈവത്തെയും നീ വിളിച്ചു പ്രാർത്ഥിക്കരുത്." (അൽ ഖസസ് : 88)

وَلَا تَدْعُ مَعَ اللَّهِ إِلَٰهًا آخَرَ

ഇവിടെയെല്ലാം അല്ലാഹു അല്ലാത്തവയെപ്പറ്റിയും ദൈവങ്ങൾ (ആരാധ്യർ) എന്ന് പ്രയോഗിച്ചിട്ടുണ്ടല്ലോ. അപ്പോൾ എങ്ങനെയാണ് നാം 'അല്ലാഹുവല്ലാതെ ആരാധ്യനില്ല' എന്ന് പറയുക?

അതുപോലെ ദൈവ ദൂതന്മാരെല്ലാം സ്വജനതയോട്
"നിങ്ങൾ അല്ലാഹുവെമാത്രം ആരാധിക്കുക. അവനല്ലാതെ നിങ്ങൾക്കൊരു ദൈവവുമില്ല." (അൽ അഅ്റാഫ് : 65)

اعْبُدُوا اللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُ
എന്ന് പറഞ്ഞിരിക്കെ അല്ലാഹു അല്ലാത്തവരുടെ ദിവ്യത്വം നമുക്കെങ്ങനെ നിരാകരിക്കാനാവും?

ഉത്തരം: അല്ലാഹു ഒഴികെ ആരാധിക്കപ്പെടുന്ന പ്രസ്തുത ദൈവങ്ങളെല്ലാം അയഥാർത്ഥങ്ങളാണ്. യഥാർത്ഥ ദൈവങ്ങളല്ല. ആരാധ്യരാവാനുള്ള യോഗ്യതയും അവയ്ക്കൊട്ടുമില്ല.

അല്ലാഹു പറയുന്നു.
"അതെന്തു കൊണ്ടെന്നാൽ അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ. അവന് പുറമെ അവർ ഏതൊന്നിനെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അതു തന്നെയാണ് നിരർത്ഥകമായിട്ടുള്ളത്. അല്ലാഹു തന്നെയാണ് ഉന്നതനും മഹാനുമായവൻ". (ലുഖ്മാൻ : 30)

ذَلِكَ بِأَنَّ اللَّهَ هُوَ الْحَقُّ وَأَنَّ مَا يَدْعُونَ مِنْ دُونِهِ الْبَاطِلُ وَأَنَّ اللَّهَ هُوَ الْعَلِيُّ الْكَبِيرُ

"ലാത്തയെയും ഉസ്സയെയും പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? വേറെ മൂന്നാമതായുള്ള മനാത്തയെ പറ്റിയും? (സന്താനമായി) നിങ്ങൾക്ക് ആണും അല്ലാഹുവിന് പെണ്ണുമാണെന്നോ? എങ്കിൽ അത് നീതിയില്ലാത്ത ഒരു ഓഹരി വെക്കൽ തന്നെ! നിങ്ങളും നിങ്ങളുടെ പിതാക്കളും നാമകരണം ചെയ്ത ചില പേരുകളല്ലാതെ മറ്റൊന്നുമല്ലവ. അവയെക്കുറിച്ച് അല്ലാഹു യാതൊരു പ്രമാണവും ഇറക്കിത്തന്നിട്ടില്ല." (അന്നജ്മ് : 23)

أَفَرَأَيْتُمُ اللَّاتَ وَالْعُزَّى . وَمَنَاةَ الثَّالِثَةَ الْأُخْرَى . أَلَكُمُ الذَّكَرُ وَلَهُ الْأُنْثَى . تِلْكَ إِذًا قِسْمَةٌ ضِيزَى . إِنْ هِيَ إِلَّا أَسْمَاءٌ سَمَّيْتُمُوهَا أَنْتُمْ وَآبَاؤُكُمْ مَا أَنْزَلَ اللَّهُ بِهَا مِنْ سُلْطَانٍ

[ലാത്ത, ഉസ്സ, മനാത്ത എന്നിവ അറബികൾ ആരാധിച്ചിരുന്ന ദൈവങ്ങളുടെ പേരാണ്. മാലാഖമാരെ പറ്റി അല്ലാഹുവിന്റെ പുത്രിമാരെന്ന് അവർ വിശ്വസിച്ചിരുന്നു. വിവ.]

യൂസുഫ് നബിയെ ഉദ്ധരിച്ചുകൊണ്ട് അല്ലാഹു പറയുന്നു:
"അവന് പുറമെ നിങ്ങൾ ആരാധിക്കുന്നവ നിങ്ങളും നിങ്ങളുടെ പിതാക്കളും നാമകരണം ചെയ്തിട്ടുള്ള ചില നാമങ്ങളല്ലാതെ മറ്റൊന്നുമല്ല. അവയെപറ്റി യാതൊരു പ്രമാണവും അല്ലാഹു അവതരിപ്പിച്ചിട്ടില്ല." (യൂസുഫ് : 40)

مَا تَعْبُدُونَ مِنْ دُونِهِ إِلَّا أَسْمَاءً سَمَّيْتُمُوهَا أَنْتُمْ وَآبَاؤُكُمْ مَا أَنْزَلَ اللَّهُ بِهَا مِنْ سُلْطَانٍ

അപ്പോൾ 'ലാഇലാഹ ഇല്ലല്ലാഹ്' യുടെ അർത്ഥം 'യഥാർത്ഥ ആരാധ്യൻ അല്ലാഹുവല്ലാതെ ഇല്ല' എന്നാകുന്നു.

എന്നാൽ ദൈവ ദൂതന്മാർ, മാലാഖമാർ, പുണ്യവാളന്മാർ, കല്ലുകൾ, മരങ്ങൾ, സൂര്യ ചന്ദ്രാതികൾ തുടങ്ങിയവയിൽ അവരുടെ ആരാധകർ ആരോപിക്കുന്ന ദിവ്യത്വം അസത്യമാണ്. വ്യർത്ഥവും. യഥാർത്ഥ ദിവ്യതം അല്ലാഹുവിന്റേത് മാത്രമാകുന്നു.

'മുഹമ്മദു റസൂലുല്ലാഹ്' مُحَمَّدٌ رَسُولُ اللَّهِ എന്ന സത്യ സാക്ഷ്യത്തിന്റെ അർത്ഥം, ഖുറൈശി ഗോത്രത്തിൽ ജനിച്ച അബ്ദുല്ലയുടെ പുത്രൻ മുഹമ്മദ് മനുഷ്യ, ജിന്ന് വർഗ്ഗങ്ങളിലേക്ക് നിയോഗതിനായ അല്ലാഹുവിന്റെ ദൂതനാകുന്നു എന്ന് ഹൃദയത്തിൽ വിശ്വസിക്കുന്നതോടൊപ്പം നാവുകൊണ്ട് പ്രഖ്യാപിക്കുക കൂടി ചെയ്യലാണ്.

അല്ലാഹു പറയുന്നു:
"പറയുക. മനുഷ്യരെ, ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരാൾക്കാണോ അവന്റെ ദൂതൻ. അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും ദൂതനിലും വിശ്വസിക്കുവിൻ. അതെ, അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷര ജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ. നിങ്ങൾക്ക് നേർ മാർഗ്ഗം പ്രാപിക്കാം". (അഅ്റാഫ് : 158)

قُلْ يَا أَيُّهَا النَّاسُ إِنِّي رَسُولُ اللَّهِ إِلَيْكُمْ جَمِيعًا الَّذِي لَهُ مُلْكُ السَّمَاوَاتِ وَالْأَرْضِ لَا إِلَٰهَ إِلَّا هُوَ يُحْيِي وَيُمِيتُ فَآمِنُوا بِاللَّهِ وَرَسُولِهِ النَّبِيِّ الْأُمِّيِّ الَّذِي يُؤْمِنُ بِاللَّهِ وَكَلِمَاتِهِ وَاتَّبِعُوهُ لَعَلَّكُمْ تَهْتَدُونَ

"തന്റെ ദാസന്റെ മേൽ സത്യാസത്യ വിവേചനത്തിനുള്ള പ്രമാണം (ഖുർആൻ) അവതരിപ്പിച്ചവൻ അനുഗ്രഹ പൂർണ്ണനാകുന്നു. അദ്ദേഹം (ദൂതൻ) ലോകർക്ക് ഒരു താക്കീത് കാരനായിരിക്കുന്നതിന് വേണ്ടിയത്രെ അത്." (അൽ ഫുർഖാൻ : 1)

تَبَارَكَ الَّذِي نَزَّلَ الْفُرْقَانَ عَلَىٰ عَبْدِهِ لِيَكُونَ لِلْعَالَمِينَ نَذِيرًا

ഈ സത്യ സാക്ഷ്യത്തിന്റെ മറ്റൊരു താൽപര്യം, മുഹമ്മദ് നബി (സ.അ) യാതൊരു തരത്തിലുള്ള ആരാധനക്കോ പ്രപഞ്ച നിയന്ത്രണത്തിനോ അർഹനല്ല എന്നതു കൂടിയാണ്. അദ്ദേഹം യാതൊരാരാധനയും അർഹിക്കാത്ത ഒരു ദൈവ ദാസനും ദൂതനുമാണ്. അല്ലാഹുവിന്റെ ഉദ്ദേശ്യമില്ലാതെ തനിക്കോ മറ്റാർക്കെങ്കിലുമോ ഒരുപകാരമോ ഉപദ്രവമോ ചെയ്യാൻ അദ്ദേഹത്തിന് കഴിയില്ല. ആ കാര്യം അല്ലാഹു വ്യക്തമാക്കുന്നുണ്ട്.

"(നബിയേ) പറയുക : അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ പക്കലുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. അദൃശ്യകാര്യം ഞാൻ അറിയുകയില്ല. ഞാൻ മലക്കാണെന്നും നിങ്ങളോട് പറയുന്നില്ല. എനിക്ക് ബോധനം നൽകപ്പെടുന്നതിനെയല്ലാതെ ഞാൻ പിൻതുടരുന്നില്ല." (അൽ അൻആം : 50)

قُلْ لَا أَقُولُ لَكُمْ عِنْدِي خَزَائِنُ اللَّهِ وَلَا أَعْلَمُ الْغَيْبَ وَلَا أَقُولُ لَكُمْ إِنِّي مَلَكٌ إِنْ أَتَّبِعُ إِلَّا مَا يُوحَىٰ إِلَيَّ

അപ്പോൾ മുഹമ്മദ് കൽപിക്കപ്പെടുന്നു. കൽപിക്കപ്പെട്ടത് പിൻപറ്റുന്ന

ഒരു ദാസനാണ്. അല്ലാഹു പറയുന്നു:

"(നബിയേ) പറയുക : എന്റെ സ്വന്തം ദേഹത്തിനു തന്നെ ഉപകാരമോ ഉപദ്രവമോ വരുത്തൽ എന്റെ അധീനതയിൽ പെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യകാര്യം അറിയുമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിന്മ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷവാർത്ത അറിയിക്കുന്നവനും മാത്രമാണ്." (അൽ അഅ്റാഫ് : 188)

قُل لَّا أَمْلِكُ لِنَفْسِي نَفْعًا وَلَا ضَرًّا إِلَّا مَا شَاءَ اللَّهُ وَلَوْ كُنتُ أَعْلَمُ الْغَيْبَ لَاسْتَكْثَرْتُ مِنَ الْخَيْرِ وَمَا مَسَّنِيَ السُّوءُ إِنْ أَنَا إِلَّا نَذِيرٌ وَبَشِيرٌ لِّقَوْمٍ يُؤْمِنُونَ

ചുരുക്കത്തിൽ ഇതാണ് 'ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദു റസൂലുല്ലാഹ്' എന്ന സത്യസാക്ഷ്യത്തിന്റെ പൊരുൾ. ഹൃദയം കൊണ്ട് വിശ്വസിച്ച് നാവു കൊണ്ട് പ്രഖ്യാപിക്കുക എന്ന് നാം പറഞ്ഞതിന്റെ ഉദ്ദേശ്യം. ചിലർ ഹൃദയത്തിൽ വിശ്വാസമില്ലാതെ നാവുകൊണ്ട് മാത്രം പ്രഖ്യാപിക്കുന്നത് കാണാം. ഉദാഹരണം, കപടവിശ്വാസികൾ. അവരെപറ്റി അല്ലാഹു പറയുന്നു:

"കപട വിശ്വാസികൾ നിന്റെയടുത്തു വന്നാൽ അവർ പറയും. തീർച്ചയായും താങ്കൾ അല്ലാഹുവിന്റെ ദൂതനാണെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവിന്നറിയാം തീർച്ചയായും നീ അവന്റെ ദൂതനാണെന്ന് - തീർച്ചയായും കപടന്മാർ കള്ളം പറയുന്നവരാണ് എന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു." (അൽ മുനാഫിഖൂൻ : 1)

إِذَا جَاءَكَ الْمُنَافِقُونَ قَالُوا نَشْهَدُ إِنَّكَ لَرَسُولُ اللَّهِ وَاللَّهُ يَعْلَمُ إِنَّكَ لَرَسُولُهُ وَاللَّهُ يَشْهَدُ إِنَّ الْمُنَافِقِينَ لَكَاذِبُونَ

അപ്പോൾ ഈ വിഭാഗം വിശ്വാസമില്ലാതെ നാവുകൊണ്ട് മാത്രം അംഗീകരിക്കുന്നു.
നാവു കൊണ്ട് പ്രഖ്യാപിക്കാതെ ഹൃദയത്തിൽ വിശ്വാസമുള്ളവരുമുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം പ്രത്യക്ഷത്തിൽ ആ വിശ്വാസംകൊണ്ടവന് പ്രയോജനമില്ല. എന്നാൽ അല്ലാഹുവിന്റെ സന്നിധിയിലുള്ള കാര്യം അല്ലാഹു തീരുമാനിക്കട്ടെ. ദുൻയാവിൽ അതുകൊണ്ട് അവന് യാതൊരുപകാരവുമില്ല. അനിവാര്യ കാരണങ്ങളൊന്നും കൂടാതെ ഒരാൾ നാവു കൊണ്ട് സത്യസാക്ഷ്യം പ്രഖ്യാപിക്കാത്തിടത്തോളം കാലം അവനെ മുസ്ലിമായി ഗണിക്കാൻ

കഴിയില്ല.

അതിനാൽ സത്യസാക്ഷ്യം ഹൃദയം കൊണ്ടും നാവു കൊണ്ടും അംഗീകരിച്ചേ മതിയാവൂ.

# ആരധനാ കർമ്മങ്ങൾ

## ശ്രദ്ധിക്കേണ്ട ഘടകങ്ങൾ

ആരാധനാ കാര്യങ്ങൾ സാധുവാകേണ്ടതിന് ആറ് കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. അവ, മതം നിശ്ചയിച്ചു തന്ന കാരണം, ഇനം, തോത്, രൂപം, സ്ഥലം, കാലം എന്നിവയിൽ മത നിയമത്തോട് യോജിക്കുകയെന്നതാണ്.

### ഒന്ന് : ആരധനാ കർമ്മം ഇസ്ലാം നിശ്ചയിച്ച കാരണവുമായി യോജിക്കുക.

ഒരാൾ അല്ലാഹുവെ ആരാധിക്കുന്നത് ഇസ്ലാമിക ശരിഅത്തിൽ സ്ഥിരപ്പെട്ടിട്ടില്ലാത്ത ഒരു കാരണം അടിസ്ഥാനമാക്കിയാണെങ്കിൽ അവൻെറ ആരധന അസാധുവാണ്. റബീഉൽ അവ്വലിലെ നബി ദിനാഘോഷം; റജബ് 27 -ാം രാത്രിയിലെ മിഅ്റാജാഘോഷം എന്നിവ ഉദാഹരണം. നബി (സ.അ) യുടെ വാനാരോഹണം (മിഅ്റാജ്) റജബ് ഇരുപത്തേഴിന് രാത്രിയിലായിരുന്നുവെന്നാണ് അത് ആഘോഷിക്കുന്നവരുടെ അവകാശവാദം. ഈ ആഘോഷം ശറഇന് നിരക്കാത്തതും തള്ളപ്പെടേണ്ടതുമാണ്. കാരണം

1. നബി (സ.അ) യുടെ ആകാശാരോഹണം റജബ 27 ലെ രാത്രിയിലായിരുന്നുവെന്ന് സ്ഥിരപ്പെട്ടിട്ടില്ല. പ്രസ്തുത തിയ്യതിയിലാണ് മിഅ്റാജ് ഉണ്ടായതെന്ന് സൂചിപ്പിക്കുന്ന ഒരക്ഷരം പോലും ഹദീസു ഗ്രന്ഥങ്ങളിലില്ല ഇത്തരം (വിശ്വാസപരമായ) കാര്യങ്ങളിൽ പ്രബലമായ പരമ്പരയാൽ സ്ഥിരപ്പെട്ട ഹദീസുകൾ മാത്രമെ സ്വീകരിക്കാവൂ എന്നത് വ്യക്തമാണല്ലോ.

2. ആ സംഭവം പ്രസ്തുത ദിവസം തന്നെ നടന്നതായി സ്ഥിരപ്പെട്ടിട്ടുണ്ടെന്നു വന്നാൽ തന്നെയും നമുക്കത് ഒരാരാധനയോ ഉത്സവമോ ആക്കി മാറ്റാൻ പാടുണ്ടോ? ഇല്ല. ഒരിക്കലുമില്ല. നോക്കുക. നബി (സ.അ) മദീനയിൽ വന്ന സമയത്ത് രണ്ടു ദിവസങ്ങളിലായി അൻസാരികൾ നടത്തുന്ന വിനോദം അദ്ദേഹത്തിൻെറ ശ്രദ്ധയിൽ പെട്ടു. അദ്ദേഹം പറഞ്ഞു :

"നിങ്ങൾക്ക് ഇതിലേറെ ഗുണകരമായത് അല്ലാഹു പകരം

നൽകിയിട്ടുണ്ട്. എന്നിട്ട് അവിടുന്ന് അവർക്ക് ചെറിയ പെരുന്നാളും ബലിപെരുന്നാളും നിർണയിച്ചു കൊടുത്തു"

ഇസ്‌ലാമിക ആഘോഷങ്ങളായ മൂന്നെണ്ണമൊഴികെ മറ്റൊരു ആഘോഷവും പുതുതായി ഉണ്ടാക്കുന്നത് നബി (സ.അ) ഇഷ്ടപ്പെടുന്നില്ലെന്നാണ് ഇത് നമുക്ക് നൽകുന്ന പാഠം. വാർഷികാഘോഷങ്ങളായ ഈദുൽ ഫിത്വ്റും ഈദുൽ അള്ഹായും. വാരാഘോഷമായ വെള്ളിയാഴ്ചയിലെ ജുമുഅയും.

ഇനി റജബ് 27 രാത്രിതന്നെയായിരുന്നു നബി (സ.അ) യുടെ വാനാരോഹണം എന്നു സ്ഥിരപ്പെട്ടാൽ തന്നെയും - അങ്ങിനെയൊരിക്കലും സ്ഥിരപ്പെട്ടിട്ടില്ല - അല്ലാഹുവിന്റെ അനുമതി കൂടാതെ അന്നൊരു പുതിയ ആചാരമുണ്ടാക്കാൻ നിർവാഹമില്ല. പുതുതായുണ്ടാക്കുന്ന മതാചാരം (ബിദ്അത്ത്) വലിയ അപകടകാരിയാണ്. ജനമനസ്സിൽ അത് ദുസ്വാധീനിക്കുന്നു. തദ്നിമിഷം ചെയ്യുന്നവന്റെ മനസ്സിന് കുളിർമ അനുഭവപ്പെടുന്നുവെങ്കിലും പിന്നീട് മറിച്ചും സംഭവിക്കുന്നു. കാരണം വ്യർത്ഥമായ മന:സുഖം നിലനിൽക്കുകയില്ല. അതിനെ തുടർന്നു വേദനയും സങ്കടവും നഷ്ടബോധവും അവനെ പിടികൂടുന്നു.

എല്ലാ ബിദ്അത്തുകളിലും അപകടമുണ്ട്. കാരണം അത് നബി (സ.അ) യുടെ ദൗത്യത്തിന് ക്ഷതമേൽപിക്കുന്നുണ്ട്. ദീനിൽ പുതിയ ഒരു കാര്യം ഉണ്ടാകുമ്പോൾ അതിന്നർത്ഥം മുഹമ്മദ് നബി (സ.അ) അല്ലാഹുവിന്റെ ശരീഅത്ത് പൂർത്തിയാക്കിയിട്ടില്ല എന്നാണല്ലോ.

അല്ലാഹു പറയുന്നതിതാണ്:
"ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം ഞാൻ നിങ്ങൾക്ക് നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു" (അൽ മാഇദ : 3)

الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا

ബിദ്അത്തുകൾ ചെയ്യുന്ന ആളുകൾ അത് നടപ്പിലാക്കാൻ അങ്ങേയറ്റത്തെ ഉത്സുകരായി കാണാം. എന്നാൽ അതിനേക്കാൾ ഉപകാരപ്രദവും പ്രബലവും അർഹവുമായ കാര്യങ്ങളിൽ അലംഭാവം കാണിക്കുകയും ചെയ്യുന്നു. അതിനാൽ മിഅ്റാജിന്റെ പേരിലുള്ള റജബ് 27 രാത്രിയിലെ ആഘോഷ പരിപാടികൾ ബിദ്അത്താണ്. എന്തുകൊണ്ടെന്നാൽ മതം അംഗീകരിക്കാത്ത ഒരു കാരണത്തിന്മേൽ പടുത്തുയർത്തപ്പെട്ടതാണത്.

## രണ്ട് : ഇസ്ലാം നിശ്ചയിച്ച ഇനത്തോട് യോജിക്കുക

ഉദാഹരണമായി ഒരാൾ കുതിരയെ ബലിയറുക്കുന്നുവെങ്കിൽ ഇസ്ലാം നിശ്ചയിച്ച ബലി മൃഗങ്ങളുടെ ഇനത്തിൽ അത് ഉൾപ്പെടുന്നില്ലയെന്നതിനാൽ അത് അസാധുവാണ്.

## മൂന്ന് : ഇസ്ലാം നിശ്ചയിച്ച തോതിനോട് യോജിക്കുക

ഒരാൾ ളുഹ്ർ നമസ്കാരം ആറ് റക്അത്ത് നമസ്കരിക്കുന്നു. ഇത് ശരീഅത്തിനോട് യോജിക്കുമോ? ഇല്ല. ഒരിക്കലുമില്ല. കാരണം ഇസ്ലാം നിശ്ചയിച്ച തോതിനെതിരാണത്. അതുപോലെ ഒരാൾ നമസ്കാര ശേഷം 33 പ്രാവശ്യം ചൊല്ലാവുന്ന 'സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ്, അല്ലാഹു അക്ബർ' എന്നീ കീർത്തനങ്ങൾ 35 പ്രാവശ്യം വീതമാക്കിയാൽ ശരിയാകുമോ? മതം നിശ്ചയിച്ചു തന്ന എണ്ണമാണ് എന്ന നിലക്കാണെങ്കിൽ അവൻ തെറ്റുകാരനാണ്. മറിച്ച് സാധാരണ ദിക്ർ ചൊല്ലുന്ന രൂപത്തിലാണ് രണ്ടെണ്ണം വർധിപ്പിച്ചതെങ്കിൽ അവൻ കുറ്റക്കാരനല്ല. എന്തുകൊണ്ടെന്നാൽ ഇവിടെ വർദ്ധിപ്പിച്ച എണ്ണത്തിന് ആരാധനാപരമായ ഒരു പ്രത്യേകതയും അവൻ കൽപിക്കുന്നില്ല.

## നാല് : ഇസ്ലാം നിശ്ചയിച്ച ക്രമത്തിലാവുക.

ഒരാളുടെ ആരാധനയുടെ ഇനവും തോതും കാരണവും എല്ലാം ശരിയായെന്ന് വെക്കുക. ചെയ്ത രൂപം മാത്രം ഇസ്ലാം നിശ്ചയിച്ചതിനോട് യോജിക്കുന്നില്ല. എന്നാൽ അവന്റെ ആരാധനയും ശരിയല്ല. ഉദാഹരണമായി അംഗശുദ്ധി (വുളു) വരുത്തുന്നവൻ ക്രമം തെറ്റിച്ചു, കാൽകഴുകിയതിന് ശേഷം തല തടവുകയും പിന്നീട് മുഖവും കൈകളും കഴുകുകയുമാണെങ്കിൽ അവന്റെ വുളു ശരിയാവുകയില്ല. കാരണം മതം നിശ്ചയിച്ച ക്രമം അവൻ തെറ്റിച്ചു.

## അഞ്ച് :ഇസ്ലാം നിശ്ചയിച്ച സമയത്തോട് യോജിക്കുക.

ഉദാഹരണമായി റമളാനിൽ നോൽക്കേണ്ട നോമ്പ് ശവ്വാലിലോ ശഅ്ബാനിലോ നോറ്റാൽ പോര. അതുപോലെ ളുഹ്ർ നമസ്കാരം അതിന് നിശ്ചയിച്ച സമയത്ത് തന്നെ നിർവഹിക്കണം. നിർണ്ണിത സമയത്തിന്റെ മുമ്പോ പിമ്പോ നിർവ്വഹിച്ചാൽ മതിയാവുകയില്ല.

ഈ തത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഒരാൾ മനഃപൂർവ്വം യാതൊരു കാരണവും കൂടാതെ നമസ്കാരം ഒഴിവാക്കുകയും അതിന്റെ സമയം തെറ്റിക്കുകയും ചെയ്താൽ പിന്നീട് അവൻ ആ നമസ്കാരം ആയിരം

തവണ നമസ്കരിച്ചാലും സ്വീകരിക്കപ്പെടുകയില്ലയെന്ന് നാം പറയുന്നത്.

ഇവിടെ വളരെ പ്രധാന്യമർഹിക്കുന്ന ഒരു കാര്യം നമുക്ക് മനസ്സിലാക്കാം. സമയ ബന്ധിതമായ ഏതൊരു ആരാധനാ കർമ്മവും അനിവാര്യ കാരണങ്ങളില്ലാതെ സമയം തെറ്റിച്ച് നിർവഹിച്ചാൽ അത് തള്ളപ്പെടുക തന്നെ ചെയ്യും. ആയിശ (റ) യിൽ നിന്നുദ്ധരിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം.
നബി (സ) പറഞ്ഞു : "നമ്മുടെ കൽപനയില്ലാത്ത ഒരു പ്രവർത്തനം ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്"

## ആറ് : ഇസ്ലാം നിശ്ചയിച്ച സ്ഥലത്ത് വെച്ചാവുക.

ഒരാൾ അറഫയിൽ നിൽക്കുന്നതിന് പകരം മുസ്ദലിഫയിൽ നിന്നാൽ അവന്റെ ഹജ്ജ ശരിയാവുകയില്ല. കാരണം, ഇസ്ലാം നിശ്ചയിച്ച സ്ഥലത്തോട് അവന്റെ ആരാധന യോജിക്കുന്നില്ല.

നബി (സ.അ) യുടെ ചില ഭാര്യമാർ പള്ളിയിൽ ഇഅ്തികാഫിന് (ഭജനമിരിക്കാൻ) വേണ്ടി മറ കെട്ടിയുണ്ടാക്കി. നബി (സ.അ) അതെടുത്തു മാറ്റാൻ കൽപിച്ചു. ഇഅ്തികാഫ് നിർത്തിവെക്കാനും. എന്നാൽ വീട്ടിൽ ഇഅ്തികാഫ് ചെയ്യാൻ നിർദ്ദേശിച്ചുമില്ല. ഇതിൽ നിന്നും സ്ത്രീകൾക്ക് അവരുടെ സൗകര്യാർത്ഥം വീട്ടിൽ വെച്ച് ഇഅ്തികാഫ് അനുവദനീയമല്ലെന്ന് മനസ്സിലാവുന്നു. കാരണം ഇഅ്തികാഫിന് മതം നിർണ്ണയിച്ച സ്ഥലത്തിനോട് അത് യോജിക്കുന്നില്ല.

ചുരുക്കത്തിൽ, ഈ ആറ് കാര്യങ്ങളുമായി ആരധനാകാര്യം ബന്ധിതമാകുമ്പോഴേ അത് മതം അംഗീകരിച്ച ആരധനയാവുകയുള്ളൂ.

അല്ലാഹുവാണ് ഏറ്റവും അറിയുന്നവൻ. അവന്റെ അനുഗ്രഹം മുഹമ്മദ് നബി (സ.അ) യിലും കുടുംബത്തിലും അനുയായികളിലും സദാ വർഷിക്കുമാറാകട്ടെ.

..............................................................

دار الدعوة والإرشاد وتوعية الجاليات

بالبكيرية

ص.ب: ٢٩٢

ت: ٠٦/٣٣٥٩٢٦٦

تحت إشراف

وزارة الشؤون الإسلامية والأوقاف والدعوة والإرشاد

يسمح بطبع هذا الكتاب ومطبوعاتنا الأخرى بشرط عدم التصرف في أي شيء ما عدا الغلاف الخارجي وذلك لمن أراد التوزيع المجاني.

ح   مكتب دعوة وتوعية الجاليات في البكيرية ، ١٤١٥هـ

فهرسة مكتبة الملك فهد الوطنية

العثيمين ، محمد بن صالح

التوحيد ومعنى الشهادتين وحكم المتابعة

٢٤ ص ، ١٧ سم

ردمك ٩ ـ . . . ـ ٩٠٤٧ ـ ٩٩٦٠

١ ـ التوحيد    ٢ ـ الشهادة (أركان الإسلام)    أ ـ العنوان

ديوي ٢٤٠    ١٤/٢٠٦٨

رقم الإيداع : ١٤/٢٠٦٨

ردمك : ٩ ـ . . . ـ ٩٠٤٧ ـ ٩٩٦٠




# التوحيد ومعنى الشهادتين وحكم المتابعة

باللغة المليباري

لفضيلة الشيخ

## محمد صالح العثيمين

ترجمة خالد صلاحي

المملكة العربية السعودية - مكتب توعية الجاليات بالبكيرية
القصيم البكيرية - ص.ب ٢٩٢ ت وفاكس ٠٦/٣٣٥٩٢٦٦ البكيرية

مصححة

أقرأها وأعطها لمن يقرؤها




# التوحيد ومعنى الشهادتين وحكم المتابعة

باللغة المليباري

لفضيلة الشيخ

## محمد صالح العثيمين

ترجمة خالد صلاحي

المملكة العربية السعودية ـ مكتب توعية الجاليات بالبكيرية
القصيم البكيرية ـ ص.ب ٢٩٢ ت و فاكس ٠٦/٣٣٥٩٢٦٦ البكيرية

مصححة

أقرأها وأعطها لمن يقرؤها